No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## 2020–ലെ ബി.ഡിസ് (ബാച്ചിലർ ഓഫ് ഡിസൈൻ) റാങ്ക് തയ്യാറാക്കുന്നതിന് യോഗ്യതാപരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കണം

2020–21 അധ്യയന വർഷം തിരുവനന്തപുരം കോളേജ് ഓഫ് ആർക്കിടെക്ചർ എന്ന സ്വാശ്രയ കോളേജിലെ ബി.ഡിസ് (ബാച്ചിലർ ഓഫ് ഡിസൈൻ) കോഴ്സിൽ പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) മാർക്കിന്റെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി 2020 ലെ ബി.ഡിസ് കോഴ്സിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് (പ്ലസ്ടു/തത്തുല്യം) www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'B.Des 2020-Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾക്ക് അവരവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark Submission for B.Des'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്ക് സമർപ്പിക്കാവുന്നതാണ്. മാർക്കുകൾ വെബ്സൈറ്റിൽ നിഷ്ക്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി **'Submit Mark Data'** എന്ന ബട്ടൺ ക്ലിക്ക് ചെയ്തതിനുശേഷം **'Upload Mark Sheet'** എന്ന ലിങ്കിലൂടെ വിദ്യാർത്ഥി പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) മാർക്ക് ലിസ്റ്റിന്റെ **pdf** ഫോർമാറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ/ രേഖകൾ വ്യക്തതയുള്ളതും വായിക്കാൻ കഴിയുന്നതും അപാകതയില്ലാത്തതുമായിരിക്കണം. അതിനുശേഷം **'Print Mark Submission Confirmation Report'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് കൺഫർമേഷൻ റിപ്പോർട്ടിന്റെയും അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെയും പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്. ഇവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയക്കേണ്ടതില്ല.

സി.ബി.എസ്.ഇ. പോലെയുള്ള ഒരു വർഷത്തെ മാർക്ക് മാത്രം ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ടാം വർഷത്തെ മാർക്ക് രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്താൽ മതിയാകും. എന്നാൽ കേരള ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പോലെ രണ്ട് വർഷത്തെ മാർക്കുകൾ ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ട് വർഷത്തെയും ആകെ മാർക്കുകൾ രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കും ഓൺ ലൈനായി സമർപ്പിക്കുന്നതിന് **23.09.2020 മുതൽ 28.09.2020 വൈകുന്നേരം 4.00 മണി വരെ വെബ്സൈറ്റിൽ** സൗകര്യം ലഭ്യമാകുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം മാർക്കുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ 2020–ലെ ബി.ഡിസ് പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പരിഗണിക്കുന്നതല്ല.

**Help Line Number: 0471-2525300**

തിരുവനന്തപുരം
23.09.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**